# കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ നടപടിക്രമം

കോളേജ് വിദ്യാഭ്യാസ വകുപ്പ്- – ജീവനക്കാര്യം – സർക്കാർ കോളേജ് അദ്ധ്യാപകർ - കൊമേഴ്സ് വിഭാഗം – ഇടക്കാല സ്ഥലം മാറ്റം -2016 ഉത്തരവ് പുറപ്പെടുവിക്കുന്നു -

ഉത്തരവ് നമ്പർ.ബി.4/20150/2016/കോ.വി.വ    തീയതി 19.09.2016

പരാമർശം:- വിവിധ സർക്കാർ കോളേജ് അദ്ധ്യാപകരിൽ നിന്നും ലഭിച്ച സ്ഥലമാറ്റ അപേക്ഷ.

ഉത്തരവ്

തൃത്താല, സർക്കാർ ആർട്സ് & സയൻസ് കോളേജിലെ അസിസ്റ്റന്റ് പ്രൊഫസറായ ശ്രീ.വിനീഷ്.കെ.എ.യുടെയും മഞ്ചേശ്വരം ജി.പി.എം.ഗവണ്മെന്റ് കോളേജിലെ അസിസ്റ്റന്റ് പ്രൊഫസറായ ശ്രീ.ബാബു.പി.വിയുടെയും ഇടക്കാല സ്ഥലമാറ്റത്തിനുള്ള അപേക്ഷ ലഭിച്ചിരുന്നു. പ്രസ്തുത അപേക്ഷകൾ പരിഗണിച്ച് ശ്രീ.വിനീഷ്.കെ.എ-യെ മൂന്നാർ ഗവണ്മെന്റ് കോളേജിലെ നിലവിലുള്ള ഒഴിവിലേയ്ക്കും ശ്രീ.ബാബു.പി.വിയെ തലശ്ശേരി ഗവണ്മെന്റ് ബ്രണ്ണൻ കോളേജിലെ നിലവിലുള്ള ഒഴിവിലേയ്ക്കും സ്ഥലം മാറ്റി ഉത്തരവാകുന്നു.

സ്ഥലം മാറ്റം ലഭിച്ച അദ്ധ്യാപകർ സ്ഥലം മാറ്റി നിയമിക്കപ്പെട്ട സ്ഥാപനങ്ങളിൽ പരമാവധി പത്ത് ദിവസത്തിനകം ജോലിയിൽ പ്രവേശിക്കേണ്ടതാണ്. ജോലിയിൽ പ്രവേശിച്ചതും വിടുതൽ ചെയ്തതുമായ വിവരങ്ങൾ ബന്ധപ്പെട്ട പ്രിൻസിപ്പാൾ യഥാസമയം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതാണ്. എന്നാൽ അപേക്ഷ പ്രകാരം സ്ഥലം മാറ്റം ലഭിക്കുന്ന അദ്ധ്യാപകർക്ക് ജോയിനിംഗ് ടൈമിന് അർഹത ഉണ്ടായിരിക്കുന്നതല്ല.

ഒപ്പ്,
പി.ഐ.ഷെയ്ക്ക് പരീത്.ഐ.എ.എസ്,
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ

പകർപ്പ്
1) ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർ / അദ്ധ്യാപകർ.
2) അക്കൌണ്ടന്റ് ജനറൽ, കോട്ടയം.
3) കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

// അംഗീകാരത്തോടെ//

എസ്.വി.26.09.2016.

സൂപ്രണ്ട്